# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

(Reg. No. 01-14/87- Aff. 10485)
V.P.MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM-695 001
Phone: 0471-2471087- Fax: 0471-2471087
email: keecintuchq@gmail.com, Web: www.intuckeec.com

PRESIDENT
K.P. DHANAPALAN Ex.M.P.

GENERAL SECRETARY
SIBYKUTTY FRANCIS

TREASURER
V. GOPAKUMAR


No. KEEC/GL/2016

തിരുവനന്തപുരം
14.03.2016

സ്വീകർത്താവ്

സെക്രട്ടറി
കെ.എസ്.ഇ.ബി ലിമിറ്റഡ്
വൈദ്യുതിഭവൻ
തിരുവനന്തപുരം

സർ,

വിഷയം: SBT സാലറി അക്കൗണ്ട് എഗ്രിമെന്റ് നിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന : താങ്കളുടെ ഓഫീസ് കത്ത് നമ്പർ Fin/Corporate Salary/ SBT/2015-16/PS1/PD/2015 Dated 15.12.2015

KSEB Ltd ലെ 33000 ഓളം ജീവനക്കാരുടേയും ഓഫീസർമാരുടേയും ശമ്പളം SBT ലാണ് Credit ചെയ്യുന്നത്. അതോടൊപ്പം KSEB Ltd വിവിധ പണമിടപാടുകളായ Letter of credit operation, Fund Transfer, Short Term Loan, KSEB Ltd ന്റെ Main account, import etc SBT വഴിയാണ് നടത്തുന്നത്. ഇതുമൂലം SBT ക്ക് ഉണ്ടാകുന്ന നേട്ടം കോടികളുടേതാണ്. മേൽ നടപടികൾക്ക് SBT ഈടാക്കുന്ന ചാർജ് പൂർണ്ണ പരിശോധനയ്ക്ക് വിധേയമാക്കണമെന്നും ഈ അവസരത്തിൽ ആവശ്യപ്പെടുന്നു.

ശമ്പളം ബാങ്കിലായതോടെ 90 % തുകയും മാസത്തിന്റെ ആദ്യ ഭാഗങ്ങളിൽ SBT യുടെ കൈവശം തന്നെയിരിക്കുന്നു. തുച്ഛമായ SB അക്കൗണ്ട് പലിശ നിരക്കിലാണ് ജീവനക്കാർക്ക് ലഭിക്കുന്നത്. ആയതിനാൽ SBT യുമായി ഒപ്പുവയ്ക്കാനെന്ന പേരിൽ തയ്യാറാക്കിയിരിക്കുന്ന കരടിൽ സമൂലമാറ്റം വരുത്തണം. SBT അതിന് തയ്യാറായില്ലായെങ്കിൽ ഇതുസംബന്ധിച്ച് മറ്റു ബങ്കുകളുമായി Negotiate ചെയ്യണം. ജീവനക്കാർക്ക് അവരുടെ ശമ്പളം അവർ ആഗ്രഹിക്കുന്ന ബാങ്കിൽ ലഭിക്കാൻ

അവകാശമുണ്ടെന്നിരിക്കെ അത് SBT യെ മാത്രം ഏൽപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ നിലവിൽ അവർ ആവശ്യപ്പെട്ടിരിക്കുന്ന ചാർജുകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ചില പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

ജീവനക്കാരനെ ശമ്പളത്തിന്റെ പേരിൽ സ്വർണ്ണം,വെള്ളി, വജ്രം എന്നൊന്നും തരംതിരിക്കാനുള്ള അവകാശം SBT ക്ക് നൽകേണ്ടാ.

1. **ഇന്റർനെറ്റ് ബാങ്കിംഗ്**

   ഗേറ്റ്‌വേ ചാർജ് KSEB Ltd, ഉപഭോക്താക്കൾക്ക് ഒഴിവാക്കി കൊടുത്തിരിക്കുകയാണ്. അതേ KSEB Ltd SBT ക്ക് ഇത് നൽകാമെന്ന് പറയുന്നത് ശരിയല്ലാത്തതിനാൽ ഗേറ്റ്‌വേ ചാർജ് ഒഴിവാക്കണം.

2. **ചെക്ക് സൗകര്യം**

   ജീവനക്കാരുടെ മുഴുവൻ ശമ്പളവും SBT കൈകാര്യം ചെയ്യുന്ന നിലയ്ക്ക് ചെക്കിന് ലിമിറ്റ് വയ്ക്കുന്നത് അംഗീകരിക്കാൻ പാടില്ല.

3. **എനിവെയർ ബാങ്കിംഗ്**

   ഏത് ബ്രാഞ്ചിൽ പണമടച്ചാലും അത് Home Branch ആയി കണക്കാക്കി ചാർജ് വരാൻ പാടില്ല. എല്ലാ വർഷവും ജനറൽ ട്രാൻസ്ഫറുള്ള സ്ഥാപനമാണ് KSEB Ltd എന്ന കാര്യം എഗ്രിമെന്റ് വയ്ക്കുമ്പോൾ പരിഗണനയിൽ ഉണ്ടായിരിക്കണം.

4. **ഓവർ ഡ്രാഫ്റ്റ്**

   SBT ബേസ് റേറ്റിനേക്കാൾ 2% കൂടുതൽ പലിശ എന്ന് പറയുമ്പോൾ മറ്റുള്ള കസ്റ്റമേഴ്സിനും ലഭിക്കുന്ന കാര്യമാണ് Rate 1% SBT ബേസ് റേറ്റ് എന്നാക്കണം.

5. **ATM ട്രാൻസാക്ഷൻ**

വാർഷിക ചാർജ് ഒഴിവാക്കണം. ട്രാൻസാക്ഷൻ എണ്ണം നിബന്ധന അംഗീകരിക്കാൻ പാടില്ല. ശമ്പളം പണമായി വാങ്ങുകയാണെങ്കിൽ അത് വിവിധ ബാങ്കുകളിൽ നിക്ഷേപിച്ചാൽ ഓരോ ബാങ്കിലും അവർ അനുവദിച്ചിട്ടുള്ള പരിധി കിട്ടുമല്ലോ. ശമ്പളം കൈവശം നേരിട്ട് ലഭിക്കുകയാണെങ്കിൽ ഒരു ചാർജും വരില്ലല്ലോ. തുച്ഛമായ SB പലിശ നിരക്കിൽ SBT മേൽ തുക ഉപയോഗിക്കുകയല്ലേ. KSEB, OD എടുക്കുമ്പോൾ പോലും Higher rate of interest ആണ് വാങ്ങുന്നത്.

6. മറ്റ്ബാങ്ക് ട്രാൻസാക്ഷൻ
7. **ചെക്ക് കളക്ഷൻ**

   പരിധി അംഗീകരീക്കാനാവില്ല

8. **മൊബൈൽ ബാങ്കിംഗ്**

   SMS ചാർജ് സൗജന്യമായിരിക്കണം. എല്ലാ മേഖലകളിലും എല്ലാവരും വളരെ കുറഞ്ഞ ചിലവിൽ SMS അയക്കുന്ന ഈ കാലഘട്ടത്തിൽ ബാങ്ക് ചാർജ് ഈടാക്കുന്നത് ശരിയല്ല.

9. **പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ്**

   ബാങ്കിന്റെ ചിലവിൽത്തന്നെ വേണം. ഇത് സാർവ്വത്രികമായ കാര്യമാണ്

10. **Home Loan**

ഈ വിഷയത്തിൽ SBT, RBI യുമായി കത്തിടപാട് നടത്തണം. SBT യും KSEB യും തമ്മിലുള്ള അഭേദ്യ ബന്ധം അറിയിക്കണം. KSEB Ltd വഴിയും ജീവനക്കാർ വഴിയും ലഭിക്കുന്ന കോടിക്കണക്കിന് രൂപയുടെ നേട്ടങ്ങൾ RBI യെ അറിയിച്ച്, ബേസ് റേറ്റിനേക്കൾ 3% കുറഞ്ഞ നിരക്കിൽ ഭവന വായ്പ ലഭ്യമാക്കണം. നിലവിൽ എല്ലാ ബാങ്കുകളും ബേസ് റേറ്റിലാണ് ഭവന വായ്പ തരുന്നത്. എഗ്രിമെന്റിലുള്ള SBT യുടെ ബേസ് റേറ്റ് തെറ്റാണ്. ഇത് ഏതോ കാലത്തേതാണ്.

മേൽ വിഷയങ്ങളിൽ SBT യിൽ നിന്നും അനുകൂല നിലപാടുായില്ലെങ്കിൽ ജീവനക്കാരുടെ ശമ്പളം അവർ ആവശ്യപ്പെടുന്ന ബാങ്ക് വഴി ലഭിക്കാനുള്ള സൗകര്യം ബോർഡ് തലത്തിൽ നടപ്പാക്കണം.

സിബിക്കുട്ടി ഫ്രാൻസിസ്
ജനറൽ സെക്രട്ടറി